**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5143** **20-03-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രാർ ഓഫീസുകളിൽ ജനകീയ സമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രീകരിച്ച് ജനകീയ സമിതികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ ഘടന എപ്രകാരമാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ രജിസ്ട്രാർ ഓഫീസുകൾ കേന്ദ്രീകരിച്ച് പൗരാവകാശരേഖ പ്രകാരമുള്ള മോണിറ്ററിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ച് ഒരു ജനകീയ സമിതി രൂപീകരിക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അനുമതി നൽകി 25/02/2025 തീയതിയിലെ സ.ഉ(സാധാ)നം.173/2025/Taxes നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.<br><br>1. കൺവീനർ - സബ് രജിസ്ട്രാർ<br><br>2. ചെയർമാൻ - സ്ഥലം എം.എൽ.എ<br><br>3. അംഗങ്ങൾ - സബ് രജിസ്ട്രാർ ഓഫീസ് പരിധിയിലെ മേയർ/മുൻസിപ്പൽ ചെയർമാൻ/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, നിയമസഭയിൽ അംഗത്വമുള്ള രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഗ്രാമ പഞ്ചായത്ത് മെമ്പർ/മുൻസിപ്പൽ കൗൺസിലർ, സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ആധാരമെഴുത്തുകാരുടെ ഒരു പ്രതിനിധി, സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഒരു SC/ST പ്രതിനിധി, സർക്കാർ നോമിനേറ്റ് ചെയ്യുന്ന ഒരു വനിതാ പ്രതിനിധി.<br><br>4. എം.എൽ.എ യുടെ അഭാവത്തിൽ അദ്ധ്യക്ഷത വഹിക്കുന്നത് യഥാക്രമം മേയർ/മുൻസിപ്പൽ ചെയർമാൻ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഗ്രാമ പഞ്ചായത്ത് മെമ്പർ/മുൻസിപ്പൽ കൗൺസിലർ എന്നിവർ ആയിരിക്കേണ്ടതാണ്. എല്ലാ മൂന്നാം |

| | | | |
|---|---|---|---|
| | | | ശനിയാഴ്ചയും യോഗം ചേരേണ്ടതാണ്. മിനിട്ട്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും അജണ്ട അദ്ധ്യക്ഷന്റെ അനുമതിയോട് കൂടി മുൻകൂട്ടി യോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ